## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5201** **15-11-2019 ലെ മറുപടിയ്ക്ക്**

## പാലക്കാട് നഗരസഭയിലെ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ : | മറുപടി<br>ശ്രീ. എ.സി. മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| (എ) പാലക്കാട് നഗരസഭയിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നഗരസഭയിൽ അപേക്ഷിക്കുന്നവർക്ക് പുതിയ ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ അനുസരിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 ന്റെ 36-ാം വകുപ്പിന്റെ 12 -ാം ഉപവകുപ്പ് പ്രകാരം, അനുമതി ലഭിച്ച ഒരു മാസ്റ്റർ പ്ലാൻ നിലവിലുള്ളിടത്ത് അതിന്റെ വ്യവസ്ഥകൾ മാത്രമായിരിക്കും ബാധകമാകുന്നത്. കരട് പാലക്കാട് മാസ്റ്റർ പ്ലാനിനു ഇത് വരെ സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ നിലവിലുള്ള അംഗീകൃത പാലക്കാട് മാസ്റ്റർ പ്ലാനിന്റെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നിലവിൽ കെട്ടിട നിർമ്മാണ അനുമതി നൽകാൻ കഴിയുകയുള്ളൂ. |
| (ബി) ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിട നിർമ്മാണ അനുമതി ലഭിക്കാതെ നഗരസഭയിൽ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ